**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3259** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇരരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. 2 റിച്ചുകളിലായി ആകെ 1.8 കി.മീ ദൈർഘ്യം വരുന്ന പ്രസ്തുത പദ്ധതിയുടെ രണ്ടാം റീച്ചിൽ എം.ഇ.എസ്. ജംഗ്ഷനിലെ സ്ഥലം ഏറ്റെടുത്ത് പുതിയ പാലവും, അപ്രോച്ച് റോഡും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 5.148 കോടി രൂപ വിനിയോഗിച്ച് ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചിരുന്നതുമാണ്. എന്നാൽ നിർദ്ദിഷ്ട അലൈൻമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പ്രയോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ നിലവിലുള്ള മുൻസിപ്പൽ റോഡ് പൂർണ്ണമായും വിനിയോഗിച്ചും ഭൂമി ഏറ്റെടുക്കൽ പരമാവധി കുറച്ചും ബൈപ്പാസ് നിർമ്മിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കണമെന്ന് ബഹു. പൂഞ്ഞാർ എം.എൽ.എ ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ക്രമീകരിക്കുകയും പുതിയ അലൈൻമെന്റ് നിശ്ചയിക്കുകയും, മുമ്പ് അംഗീകരിച്ചിരുന്ന അലൈൻമെന്റ് റദ്ദ് ചെയ്ത്, പുതുക്കിയ അലൈൻമെന്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതാണ്. പുതിയ അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ഏറ്റെടുക്കേണ്ട ഭൂമിയുടെ ഏകദേശ അളവും സർവ്വേ നമ്പരും ഉൾപ്പെടുത്തി റിക്വിസിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം, 19.12.2023 ന് ജില്ലാ കളക്ടർ, കോട്ടയത്തിന് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഇരരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. 2 റിച്ചുകളിലായി ആകെ 1.8 കി.മീ ദൈർഘ്യം വരുന്ന പ്രസ്തുത പദ്ധതിയുടെ രണ്ടാം റീച്ചിൽ എം.ഇ.എസ്. ജംഗ്ഷനിലെ സ്ഥലം |

| | | | |
|---|---|---|---|
| | | | ഏറ്റെടുത്ത് പുതിയ പാലവും, അപ്രോച്ച് റോഡും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 5.148 കോടി രൂപ വിനിയോഗിച്ച് ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചിരുന്നതുമാണ്. എന്നാൽ നിർദ്ദിഷ്ട അലൈൻമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ നിലവിലുള്ള മുൻസിപ്പൽ റോഡ് പൂർണ്ണമായും വിനിയോഗിച്ചും ഭൂമി ഏറ്റെടുക്കൽ പരമാവധി കുറച്ചും ബൈപ്പാസ് നിർമ്മിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കണമെന്ന് ബഹു. പൂഞ്ഞാർ എം.എൽ.എ ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ക്രമീകരിക്കുകയും പുതിയ അലൈൻമെന്റ് നിശ്ചയിക്കുകയും, മുമ്പ് അംഗീകരിച്ചിരുന്ന അലൈൻമെന്റ് റദ്ദ് ചെയ്ത്, പുതുക്കിയ അലൈൻമെന്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതാണ്. പുതിയ അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ഏറ്റെടുക്കേണ്ട ഭൂമിയുടെ ഏകദേശ അളവും സർവ്വേ നമ്പരും ഉൾപ്പെടുത്തി റിക്വിസിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം, 19.12.2023 ന് ജില്ലാ കളക്ടർ, കോട്ടയത്തിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ